(ബി) കണ്ണൂർ ഠൗൺ പോലീസ് സ്റ്റേഷൻ അതിർത്തിയിലുണ്ടായ (താവക്കര) സ്ഫോടനത്തിൽ യോഗാനന്ദ് എന്നയാൾക്കും, കൊളവല്ലൂർ പോലീസ് സ്റ്റേഷൻ അതിർത്തിയിലുണ്ടായ (പുല്ലായിത്തോട്) സ്ഫോടനത്തിൽ ഷിബിൻ, ഷിജിൻ എന്നീ രണ്ട് കുട്ടികൾക്കും പരിക്ക് പറ്റിയിട്ടുണ്ട്.

(സി) പരിക്കേൽക്കുകയുണ്ടായി

(ഡി & ഇ) സി. പി. ഐ. (എം) പ്രവർത്തകനാണെന്നറിയുന്നു.

(എഫ്) ഇത് സംബന്ധിച്ച് കൊളവല്ലൂർ പോലീസ് സ്റ്റേഷൻ ക്രൈം 26/2000 പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രതികളെ തിരിച്ചറിയാത്തതിനാൽ ആരെയും അറസ്റ്റ് ചെയ്തിട്ടില്ല.

(ജി) അന്വേഷണം നടന്നു വരുന്നു.

യു. എൻ. ദൗത്യത്തിന് നിയോഗിക്കപ്പെട്ട പോലീസ് ഉദ്യോഗസ്ഥൻ

71 (3261) ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പോലീസിലെ ഉദ്യോഗസ്ഥരെ വിദേശ രാജ്യങ്ങളിൽ ഐക്യരാഷ്ട്ര സംഘടനയുടെ കീഴിൽ ക്രമസമാധാന പാലനത്തിന് അയച്ചിട്ടുണ്ടോ ; എങ്കിൽ ആരെയെല്ലാം ;

(ബി) ഇതിനായി തെരഞ്ഞെടുത്തിട്ടുള്ള ഉദ്യോഗസ്ഥരിൽ ആർക്കെങ്കിലും എതിരെ വിജിലൻസ് കേസ്സോ മറ്റ് ക്രിമിനൽ കേസ്സോ നിലവിലുണ്ടോ എങ്കിൽ ആർക്കെല്ലാം എതിരെ ; ഇവർക്കെതിരെ കേസ് ഉള്ള കാര്യം ദൗത്യത്തിന് ആളെ തെരഞ്ഞെടുക്കുന്നവരെ അറിയിച്ചിരിന്നുവോ ; ഇല്ലെങ്കിൽ കാരണം എന്ത് ?

(സി) കേസ് നിലവിലുള്ളവരെ ഇത്തരം ദൗത്യത്തിന് അയക്കുന്നത് ഉചിതമല്ലെന്ന കാര്യം സർക്കാരിന് ബോധ്യമുണ്ടോ ;

(ഡി) കേസ് ഉള്ളവരെ ഇതിൽ നിന്നും ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. ഈയിടെ കൊസോവ, ബോസ്നിയ എന്നിവിടങ്ങളിലേക്ക് അയച്ചവരുടെ വിവരം താഴെ ചേർക്കുന്നു.

1.	ശ്രീ. നിതിൻ അഗർവാൾ	ഐ.പി.എസ് (ബോസ്നിയ)
2.	ഷേക് ദർവേസ് സാഹിത്	ഐ.പി.എസ് (കൊസോവ)
3.	പി. സി. രാമചന്ദ്രൻ നായർ	സി.ഐ. (കൊസോവ)
4.	മൊഹമ്മദ് ബഷീർ	സി.ഐ. (കൊസോവ)
5.	ഷാജഹാൻ ഫിറോസ്	സി. ഐ. (കൊസോവ)
6.	വിജയൻ	സി.ഐ. (കൊസോവ)

LIBRARY ARCHIVES Kerala Legislative Assembly

കൂടാതെ ശ്രീ. വിനോദ് കുമാർ ഐ.പി.എസ്., ശ്രീ. അനന്തകൃഷ്ണൻ ഐ.പി.എസ്., എന്നിവർ 1998-ൽ ബോസ്നിയായിൽ പോയി 1999-ൽ മടങ്ങി വന്നിട്ടുണ്ട്.

(ബി) തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് കേസോ ക്രിമിനൽ കേസോ നിലവിലില്ല. എന്നാൽ ശ്രീ. മൊഹമ്മദ് ബഷീർ, ശ്രീ. ഷാജഹാൻ, ഫിറോസ്, ശ്രീ. കെ. വിജയൻ എന്നിവരുടെ പേരിൽ വിജിലൻസ് അന്വേഷണം നടന്നുവരുന്നു. കൂടാതെ ശ്രീ. മൊഹമ്മദ് ബഷീറിന്റെ പേരിൽ വകുപ്പ് തല അന്വേഷണവും നടന്നുവരുന്നുണ്ട്.

(സി) ഉണ്ട്. എന്നാൽ ദൗത്യസംഘത്തിലെ ഉദ്യോഗസ്ഥന്മാരുടെ പേരിൽ കേസുകൾ നിലവിലില്ല.

(ഡി) മുകളിൽ കൊടുത്തിട്ടുള്ള മറുപടിയുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

പോലീസ് ബറ്റാലിയൻ നിയമനത്തിനുള്ള റാങ്ക് ലിസ്റ്റ്

72 (3262) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം ജില്ലയിൽ പോലീസ് ബറ്റാലിയൻ (കെ.എ.പി.1) നിയമനത്തിനുള്ള റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്നാണ് അവസാനിക്കുന്നത് ;

(ബി) ലിസ്റ്റിൽ നിന്നും നാളിതുവരെ എത്ര പേർക്ക് നിയമനം നൽകി ;

(സി) പുതുതായി എത്രപേരെ അഡ്വൈസ് ചെയ്യുവാൻ ഉദ്ദേശിക്കുന്നു.;

(ഡി) ജൂലൈ മാസത്തിന് മുൻപ് പുതിയ ഒഴിവുകൾ നിലവിൽ വരുമെന്ന് പ്രതിക്ഷിക്കുന്നുണ്ടോ ; വിശദ വിവരം നൽകാമോ ;

(ഇ) ലിസ്റ്റിന്റെ കാലാവധി തിരുന്നതിന് മുൻപ് മുഴുവൻ ആൾക്കാർക്കും നിയമനം നൽകുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 2000-ാം മാണ്ട് ജൂലൈ മാസത്തിൽ അവസാനിക്കും.

(ബി) 31-12-1999 വരെ 992 പേർക്ക് നിയമനം നൽകി.

(സി) 215 പേരെ കൂടി നിയമിക്കുന്നതിനുവേണ്ടി പി.എസ്.സി.യോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) പുതിയ ഒഴിവുകൾ ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. ഒഴിവുകളുടെ എണ്ണം കണക്കാക്കപ്പെട്ടിട്ടില്ല.

(ഇ) ലിസ്റ്റിന്റെ കാലാവധി തീരുന്നതിനു മുൻപ് അതുവരെ ഉണ്ടാകുന്ന ഒഴിവുകളിലേക്ക് നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly